**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1202** **11.06.2019-ൽ മറുപടിക്ക്**

**കായംകുളം മണ്ഡലത്തിൽ പാലങ്ങളുടെ പുനർനിർമ്മാണം**

**ചോദ്യം**

**ശ്രീമതി യു. പ്രതിഭ**

കായംകുളം മണ്ഡലത്തിൽ പുനർനിർമ്മിക്കുന്ന മുട്ടേൽപാലം, കനീസകടവ് പാലം, പാർക്ക് ജംഗ്ഷൻ പാലം, മാർക്കറ്റ് പാലം, കല്ലുപാലം, കോയിക്കൽ പടിക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

**മുട്ടേൽപാലം:**

ജി.ഒ(ആർ.റ്റി) നമ്പർ 1295/2018 പി.ഡബ്ല്യു.ഡി തീയതി 18/08/2018 പ്രകാരം 7.55 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പണികൾ ടെണ്ടർ ചെയ്യുകയും, പുനർ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**കനീസകടവ് പാലം:**

ജി.ഒ(ആർ.റ്റി) നമ്പർ 781/2018 പി.ഡബ്ല്യു.ഡി തീയതി 27/04/2018-ൽ 11.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അനുമതി ജി.ഒ (ആർ.റ്റി) നമ്പർ 1165/2019/ആർ.ഡി തീയതി 21/05/2019 പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടികൾ ആലപ്പുഴ ജില്ലാ കളക്ടറുടെ ആഫീസിൽ പുരോഗമിക്കുന്നു.

**പാർക്ക് ജംഗ്ഷൻ പാലം:**

ജി.ഒ(ആർ.റ്റി) നമ്പർ 634/2018 പി.ഡബ്ല്യു.ഡി തീയതി 31/03/2018 പ്രകാരം 4.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനാവശ്യമായ അനുമതിക്കുള്ള അപേക്ഷ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

**മാർക്കറ്റ് പാലം:**

മതിയായ ഫണ്ടിന്റെ അഭാവത്താൽ ഈ പ്രോജക്ട് പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ ആവശ്യമായ ഫണ്ട് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കല്ലുപാലം:**

ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ആവശ്യമായ ഫണ്ട് ഉറപ്പുവരുത്തി സമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>കോയിക്കൽ പടിക്കൽ പാലം:</u>**

ഭരണാനുമതിയ്ക്കാവശ്യമായ വിശദമായ എസ്റ്റിമേറ്റ് 03/01/2019-ൽ ലഭ്യമായിരുന്നു. അത് പരിശോധിച്ച ശേഷം കൂടുതൽ വിശദാംശങ്ങൾ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ